കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- തരൂർ നിയോജകമണ്ഡലം-കോട്ടായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ (രണ്ടാം ഘട്ടം)-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1885/17/തസ്വഭവ തിരുവനന്തപുരം, തീയതി :07.06.2017

പരാമർശം - 1.06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്
2.16/05/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി3- 6544/17/സി.ഇ /തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**തരൂർ** നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു. നിയമവകുപ്പ് മന്ത്രി, **ശ്രീ. എ.കെ.ബാലൻ** എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും Project.ID:680, **''കോട്ടായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ (രണ്ടാം ഘട്ടം)''** എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ **75 ലക്ഷം രൂപയ്ക്ക് (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **തരൂർ** നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു. നിയമവകുപ്പ് മന്ത്രി, **ശ്രീ. എ.കെ.ബാലൻ** എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും Project.ID:680, **''കോട്ടായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ (രണ്ടാം ഘട്ടം)''** എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 75 **ലക്ഷം രൂപയ്ക്ക് (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് Project Design charges (Rs.2,00,000/-), Name boarc (Rs.50,000/-), Unforeseen (Rs.33,854/-) എന്നിവയുൾപ്പടെ Lumpsum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന ആകെ 2,83,854/- രൂപയുടെ ചെലവ് യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായും ആകേണ്ടതാണെന്ന വ്യവസ്ഥയിൽ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി എ.ഡി. എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, കോട്ടായി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം. 258/എൻ.സി.സി.2/2016/ധന തീ.29.05.2017)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/273/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ